**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി VIII
## (സാമ്പത്തികകാര്യങ്ങൾ)

**(2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശ കളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം
ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

2012 ജൂലൈ 24-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VIII
# (സാമ്പത്തികകാര്യങ്ങൾ)

(2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ
പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശ
കളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം
ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

1084/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി VIII
(സാമ്പത്തിക കാര്യങ്ങൾ)

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. ബാബു,
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
„ വി. ചെന്താമരാക്ഷൻ
„ കോവൂർ കുഞ്ഞുമോൻ
„ മുല്ലക്കര രത്നാകരൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ഡി. സതീശൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
„ കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
„ എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

# അവതാരിക

2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ സബ്ജക്റ്റ് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശ കളിൻമേൽ നാളിതുവരെ സമിതിക്ക് ലഭ്യമായ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 9-7-2012-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് സമിതിയുടെ തീരുമാനം ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റു കളും ഭാഗം-2 ൽ സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

2012 ജൂലൈ 9-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. മാണി,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,

2012 ജൂലൈ 9.

# റിപ്പോർട്ട്

## ഭാഗം 1

## ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വില്പന നികുതിയും

### ശുപാർശ (ഖണ്ഡിക 1)

2040-00-101-97-34—വാണിജ്യ നികുതി ഓഫീസുകൾ-മറ്റു ചെലവുകൾ

ചെക്ക്പോസ്റ്റുകളുടെ നവീകരണം, വാളയാർ മിഷൻ, അമരവിള ചെക്ക്പോസ്റ്റ് നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി മുൻവർഷങ്ങളിലേതിനേക്കാൾ തുക ചെലവഴിക്കേണ്ടിവരുമെന്നതിനാലും കുടുംബശ്രീ വിഹിതം കൊടുത്തു തീർക്കേണ്ടതിനാലും ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്കു പുറമേ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2011-12 വർഷത്തെ ബഡ്ജറ്റിൽ 3,50,00,000 രൂപ അനുവദിച്ചിരുന്നു.

എസ്.ഡി.ജി. I-ൽ 3,53,000 രൂപയും എസ്.ഡി.ജി. II-ൽ 27,86,000 രൂപയും റീ-അപ്രോപ്രിയേഷൻവഴി 17,50,000 രൂപയും അനുവദിക്കുകയുണ്ടായി.

സബ്ജക്റ്റ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ വാണിജ്യനികുതി വകുപ്പ് കമ്മീഷണർ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

ഈ ശീർഷകത്തിൽ 3,52,66,000 രൂപ ചെലവാകുകയും ബാക്കി തുകയായ 46,23,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. ചെലവ് ചെയ്യേണ്ടിയിരുന്ന ചില പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാത്തതുകൊണ്ടാണ് വർഷാവസാനം ഇത്രയും രൂപ സറണ്ടർ ചെയ്യാൻ ഇടയായത്.

### ശുപാർശ (ഖണ്ഡിക 2)

2040-00-101-97-02—വേതനം

ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരുടെ വേതനം 250 രൂപയിൽ നിന്നും 350 രൂപയായി ഉയർത്തിയിട്ടുള്ളതിനാൽ ഇതു മുഖേനയുണ്ടാകുന്ന അധിക ചെലവുകൾക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഇത് സംബന്ധിച്ച് ബഡ്ജറ്റ് 2011-12-ൽ 1,84,02,000 രൂപ വകയിരുത്തിയിരുന്നു. അധികതുകയായി 78,00,000 രൂപ നൽകിയിരുന്നു. എന്നാൽ ടി ശീർഷകത്തിൽ 2,70,97,000 രൂപ ചെലവാകുകയുണ്ടായി. അധികചെലവായ 8,95,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേന റഗുലറൈസ് ചെയ്തിട്ടുണ്ട്.

1084/2012.

ശുപാർശ (ഖണ്ഡിക 3)

2040-00-101-97-15—രഹസ്യ സേവനച്ചെലവുകൾ

വാണിജ്യ നികുതി ഓഫീസുകളിലെ രഹസ്യ സേവന ചെലവുകൾക്കായി 2011-2012 സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് 2011-12-ൽ ടി ശീർഷകത്തിൽ 1,00,000 രൂപ വകയിരുത്തിയിരുന്നു. തുടർന്ന് അധികതുകയായി 5,00,000 രൂപ കൂടി അനുവദിച്ചു. ഇതിൽ 5,80,000 രൂപ ചെലവാകുകയും 20,000 രൂപ സറണ്ടർ ചെയ്യുകയും ഉണ്ടായി.

ശുപാർശ (ഖണ്ഡിക 4)

ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശമനുസരിച്ച് കോമ്പൗണ്ടഡ് ഡീലേഴ്സ് മുൻവർഷത്തെ നികുതിയുടെ 125 ശതമാനമോ അല്ലെങ്കിൽ ടേൺ ഓവറിന്റെ 1.25 ശതമാനമോ ഏതാണ് കൂടുതൽ അത്രയും തുക നികുതി നൽകേണ്ടതുണ്ട്. എന്നാൽ അവർക്ക് ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കാൻ അനുവാദമില്ല. ഇത് സത്യസന്ധമായി നികുതി ഒടുക്കുന്ന വ്യാപാരികളെ ബാധിക്കുമെന്നതിനാൽ കോമ്പൗണ്ടഡ് വ്യാപാരികളെ അനുയോജ്യമായ കുറഞ്ഞ നിരക്കിൽ നികുതി പിരിക്കാൻ അനുവദിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യം സ്വർണ്ണ വ്യാപാരികളുടെ സംഘടനകളുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള ധനകാര്യ നിയമം 2011 പ്രകാരം 8(f) അനുസരിച്ച് കോമ്പൗണ്ടിംഗ് സ്വീകരിച്ച സ്വർണ്ണവ്യാപാരികൾക്ക് 1.25 ശതമാനം നികുതി ഉപഭോക്താക്കളിൽ നിന്നും പിരിക്കുവാൻ അനുവാദം നൽകിക്കൊണ്ട് മൂല്യവർദ്ധിത നികുതി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

ശുപാർശ (ഖണ്ഡിക 5)

2030-03-001-94-05-4—കമ്പ്യൂട്ടർവൽകൃത റിപ്പോർട്ടിംഗ് സിസ്റ്റം ഏർപ്പെടുത്തൽ-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിന്റെ ഫലമായി സബ് രജിസ്ട്രാർ ആഫീസുകളിലെ പ്രിന്ററുകളുടേയും യു.പി.എസ്സുകളുടെയും കൺസ്യൂമബിളുകൾ വാങ്ങുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2.14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ പ്രകാരം "2030-03-001-94-05-04-ഒ.ഇ.4-ഓഫീസ് ചെലവുകൾ (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ 50,00,000 രൂപ ഉപധനാഭ്യർത്ഥന മുഖേനയും 15,00,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേനേയും അനുവദിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 6)

2030-03-001-95-05-3—സബ് രജിസ്ട്രി ഓഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചാർജ്ജ്

സംസ്ഥാനത്തൊട്ടാകെയുള്ള 310 സബ് രജിസ്ട്രാർ ഓഫീസുകളിൽ ബ്രോഡ് ബാന്റ് ടെലിഫോൺ കണക്ഷനുകൾ ഏർപ്പെടുത്തിയിട്ടുള്ളതിന്റെ ചെലവുകൾക്കായി 5 ലക്ഷം രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ് രജിസ്ട്രാർ ഓഫീസുകളുടെ ടെലിഫോൺ ചാർജ്ജ്, വാർഷിക അടവായതിനാൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കൈകാര്യം ചെയ്യുന്ന ശീർഷകമായ "2030-03-001-94-05-ഒ.ഇ.ഓഫീസ് ചെലവുകൾ (NP)" എന്ന ശീർഷകത്തിൽപ്പെടുത്തി റീ-അപ്രോപ്രിയേഷൻ മുഖേന കൂടുതൽ ഫണ്ട് കണ്ടെത്തി ബാക്കി വന്ന കുടിശ്ശികകൾ തീർപ്പാക്കിയിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 7)

2030-03-001-96-06—ജില്ലാ ഓഫീസുകൾ-വാടക-കരം-നികുതി

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ മതിയായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വാടക കൊടുത്തുതീർക്കുന്നതിനായി 43,00,000 രൂപയുടെ അഡീഷണൽ ആതറൈസേഷനുള്ള പ്രൊപ്പോസൽ ഈ സാമ്പത്തികവർഷം (2012-13) ലഭിച്ചത് സർക്കാർ പരിശോധിച്ചുവരികയാണ്.

ശുപാർശ (ഖണ്ഡിക 8)

2030-01—മുദ്രപ്പത്രങ്ങൾ (ജുഡീഷ്യൽ)

02—മുദ്രപ്പത്രങ്ങൾ (നോൺ ജുഡീഷ്യൽ)

ജുഡീഷ്യൽ/നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ അച്ചടി ചാർജ് വർദ്ധിച്ച സാഹചര്യത്തിൽ ഇപ്പോൾ ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്ത

മായതിനാൽ ജുഡീഷ്യൽ ശീർഷകത്തിൽ 50 ലക്ഷം രൂപയും നോൺ ജുഡീഷ്യൽ ശീർഷകത്തിൽ 2 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 സാമ്പത്തികവർഷത്തിൽ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി ചാർജ്ജിനത്തിൽ, ജുഡീഷ്യൽ ഇനത്തിൽ "2030-01-101-99" എന്ന ശീർഷകത്തിൽ 2.50 കോടി രൂപയും നോൺ ജുഡീഷ്യൽ ഇനത്തിൽ "2030-02-101-99" എന്ന ശീർഷകത്തിൽ 18 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. ജുഡീഷ്യൽ ഇനത്തിൽ വകയിരുത്തിയ തുക മതിയായിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല. എന്നാൽ, നോൺ ജുഡീഷ്യൽ ഇനത്തിലുള്ള മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വർദ്ധിച്ച ആവശ്യകത കണക്കിലെടുത്ത് 15 കോടി രൂപ ഉപധനാഭ്യർത്ഥന മുഖാന്തിരം ലഭ്യമാക്കി. ജുഡീഷ്യൽ ഇനത്തിൽ അധികമായി ഉണ്ടായിരുന്ന തുകയിൽ നിന്ന് 1.45 കോടി രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്തെടുത്തു. ആകെ ഈ ഇനത്തിൽ 34.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 9)

അനുദിനം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ഭൂപ്രദേശങ്ങൾ സാറ്റലൈറ്റ് സർവ്വേപോലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്യുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭൂപ്രദേശങ്ങൾ റീ സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശ, ധനാഭ്യർത്ഥന VI-ലാന്റ് റവന്യൂവുമായി ബന്ധപ്പെട്ടതാണ്. ആയത് സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ പരിധിയിൽ വരുന്നതല്ല.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

ശുപാർശ (ഖണ്ഡിക 10)

2039-00-001-94—എക്സൈസ് വകുപ്പിന്റെ നവീകരണം

എക്സൈസ് വകുപ്പ് നവീകരണത്തിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ, ആയുധസാമഗ്രികൾ, സെക്യൂരിറ്റി ചെസ്റ്റുകൾ എന്നിവ വാങ്ങുക, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 9 ജില്ലകളിൽ വയർലസ് സിസ്റ്റം പുനഃസ്ഥാപിക്കുക, വാണിജ്യനികുതി വകുപ്പുമായി സഹകരിച്ച് ഇ-പേയ്മെന്റ് സമ്പ്രദായം നടപ്പിൽ വരുത്തുക, കുട്ടനാട് റേഞ്ചിൽ സ്റ്റീൽ ബോട്ടുകൾ വാങ്ങുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 167 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി, 167.00 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും, വകുപ്പ് 9 കോടി രൂപ സർക്കാരിലേക്ക് ധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഡ്ജറ്റിൽ, "2039-00-001-94-എക്സൈസ് വകുപ്പിന്റെ നവീകരണം" എന്ന ശീർഷകത്തിൽ 2.75 കോടി രൂപ മാത്രമേ ഉൾക്കൊള്ളിച്ചിരുന്നുള്ളൂ. ആയതിൽ 2,73,08,869 രൂപ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി ചെലഴിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 11)

2039-00-001-99-21-1—മേൽനോട്ടം-മോട്ടോർ വാഹനങ്ങൾ

എക്സൈസ് വകുപ്പിലെ വാഹനങ്ങൾ വാങ്ങുന്നതു സംബന്ധിച്ച കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനായി '2039-00-001-99-21-1 വാഹനം വാങ്ങൽ' എന്ന ശീർഷകത്തിൽ ടോക്കൺ വിഹിതം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12-ലെ ബഡ്ജറ്റിൽ "2039-00-001-99-21-1 വാഹനം വാങ്ങൽ" എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടില്ല. തുടർന്നും സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതാണ്.

ശുപാർശ (ഖണ്ഡിക 12)

2039-00-001-99-15—മേൽനോട്ടം-രഹസ്യ സേവന ചെലവുകൾ

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്കു പുറമേ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എക്സൈസ് വകുപ്പ് 4.50 ലക്ഷം രൂപ 2011-12-ലെ ധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടെങ്കിലും, 2011-12-ലെ ബഡ്ജറ്റിൽ, "2039-00-001-99-15 രഹസ്യസേവന ചെലവുകൾ" എന്ന ശീർഷകത്തിൽ 3.50 ലക്ഷം രൂപ മാത്രമേ ഉൾക്കൊള്ളിച്ചിരുന്നുള്ളൂ. ആയതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക 13)

അബ്കാരി കുടിശ്ശിക ഇനത്തിൽ ഇനിയും കൂടുതൽ തുക പിരിഞ്ഞു കിട്ടേണ്ടതായിട്ടുണ്ട്. ആയതിനാൽ കുടിശ്ശിക അടയ്ക്കുന്നത് ത്വരിതപ്പെടുത്തുന്നതിനായി 2008-ൽ ആരംഭിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി ആറുമാസത്തേക്കുകൂടി നിലനിർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആംനസ്റ്റി സ്കീമിന്റെ കാലാവധി, 3-12-2011 തീയതിയിലെ ജി.ഒ. (എംഎസ്.) 185/2011/നി.വ. ഉത്തരവ് പ്രകാരം, 2012 മാർച്ച് 31വരെ ദീർഘിപ്പിച്ചിരുന്നു.

ശുപാർശ (ഖണ്ഡിക 14)

13 സ്ഥലങ്ങളിൽ എക്സൈസിന്റെ പുതിയ ഓഫീസ് സമുച്ചയങ്ങൾ പണിയുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിനും ആധുനികവൽക്കരണത്തിനുമായി 50 ലക്ഷം രൂപ നിരക്കിൽ 7.5 കോടി രൂപ 4059-01-051-94 സ്റ്റേറ്റ് എക്സൈസ് എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

12-8-2011-ൽ എക്സ്.എഫ്.ബി.1-19301/11-ാം നമ്പർ കത്ത് പ്രകാരം, പി.ഡബ്ല്യു.ഡി. കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറോട് 7.50 കോടി രൂപ, "4059-01-051-94 എക്സൈസ് 16 വൻകിട മരാമത്ത് പണികൾ" എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ, 2012-13 വർഷത്തിൽ, മേൽ ശീർഷകത്തിൽ 1,30,00,000 രൂപ കെട്ടിടനിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ളതുമാണ്.

ശുപാർശ (ഖണ്ഡിക 15)

2039-00-001-95—മദ്യാസക്തിക്കെതിരായ പ്രചരണം

മദ്യ-മയക്കുമരുന്നുവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി കണക്കാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആദ്യമായി അനുവദിച്ച 20 ലക്ഷം കൂടാതെ, 2011-12 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ, "2039-00-001-95 മദ്യാസക്തിക്കെതിരായ പ്രചരണം (പദ്ധതിയേതരം)" എന്ന ശീർഷകത്തിൽ, മദ്യ-മയക്കുമരുന്നുവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി അധികമായി അനുവദിച്ചിരുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

ശുപാർശ (ഖണ്ഡിക 16)

2075-00-800-88—കൊച്ചി രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ, പെൻഷൻ

കൊച്ചി രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസ് ഉൾപ്പെടെയുള്ള പെൻഷൻ കഴിഞ്ഞ വർഷം 30 ശതമാനം വർദ്ധിപ്പിക്കുകയുണ്ടായി. വർദ്ധിപ്പിച്ച നിരക്ക് അനുവദിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നതിനാൽ ഈ ശീർഷകത്തിൽ 3,17,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൊച്ചി രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസ് ഉൾപ്പെടെയുള്ള പെൻഷൻ 30 ശതമാനം വർദ്ധന വരുത്തിയതുമൂലം ഉണ്ടായ അധികബാധ്യത പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 3,17,000 രൂപ അധികമായി അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത പെൻഷൻ വർദ്ധന വരുത്തിയതുമായി ബന്ധപ്പെട്ട തീർപ്പ് ഫയലുകൾ ഉൾപ്പെടെ അധികവിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഫയൽ ധനകാര്യവകുപ്പ് മടക്കുകയാണ് ഉണ്ടായത്. പരാമർശിത തീർപ്പ് ഫയലുകൾ വൈക്കത്തും സമീപപ്രദേശത്തുമുള്ള മുൻനാട്ടുരാജാക്കൻമാരുടെ ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ വർദ്ധനവുമായി ബന്ധപ്പെട്ട് സമർപ്പണത്തിലായിരുന്നതിനാൽ ധനകാര്യവകുപ്പ് ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ യഥാസമയം നൽകുവാൻ കഴിഞ്ഞില്ല. ആയതുമൂലം മേൽപ്പറഞ്ഞ അധികബാധ്യത 2011-2012 വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. എന്നിരുന്നാലും ആയത് 2012-2013 വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശുപാർശ (ഖണ്ഡിക 17)

2075-00-800-89—തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ, പെൻഷൻ

തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ, പെൻഷൻ എന്നിവയിൽ 30 ശതമാനം വർദ്ധനവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 8,20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ, പെൻഷൻ എന്നിവയിൽ 30 ശതമാനം വർദ്ധന വരുത്തിയതുമൂലം ഉണ്ടായ അധികബാധ്യത പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 8,20,000 രൂപ അധികമായി അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത പെൻഷൻ വർദ്ധന വരുത്തിയതുമായി ബന്ധപ്പെട്ട തീർപ്പ് ഫയലുകൾ ഉൾപ്പെടെ അധികവിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഫയൽ ധനകാര്യവകുപ്പ് മടക്കുകയാണ് ഉണ്ടായത്. പരാമർശിത തീർപ്പ് ഫയലുകൾ വൈക്കത്തും സമീപപ്രദേശത്തുമുള്ള മുൻനാട്ടുരാജാക്കൻമാരുടെ ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ വർദ്ധനവുമായി ബന്ധപ്പെട്ട് സമർപ്പണത്തിലായിരുന്നതിനാൽ ധനകാര്യവകുപ്പ് ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ യഥാസമയം നൽകുവാൻ കഴിഞ്ഞില്ല. ആയതുമൂലം മേൽപ്പറഞ്ഞ അധികബാധ്യത 2011-2012 വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. എന്നിരുന്നാലും ആയത് 2012-2013 വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശുപാർശ (ഖണ്ഡിക 19)

2075-00-800-98—രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി-വിഹിതം

പൈലറ്റ് പരിശീലനം നൽകുന്ന ഏക സർക്കാർ സ്ഥാപനമായ രാജീവ് ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജിക്ക് സ്വന്തമായി കെട്ടിടവും അനുബന്ധ

സൗകര്യങ്ങളും ഒരുക്കുന്നതിന് സർക്കാർ നൽകിയ ഭൂമിയിൽ കെട്ടിടം പണി പൂർത്തിയാക്കുന്നതിന് ഇതുവരെ അനുവദിച്ച തുകയ്ക്കുപുറമെ 8 കോടി 28 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക 20)

അക്കാഡമിയുടെ പ്രവർത്തനം സജീവമാക്കുന്നതിന്റെ ഭാഗമായി ഒരു വർഷം കൊണ്ട് ട്രെയിനി പൈലറ്റിന് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് (സി.പി.എൽ.) ലഭ്യമാകുന്ന വിധത്തിൽ പരിശീലനം നടത്തണമെങ്കിൽ രണ്ട് സിംഗിൾ എഞ്ചിൻ വിമാനങ്ങളും ഒരു ഇരട്ട എഞ്ചിൻ വിമാനവും അടിയന്തിരമായി വാങ്ങേണ്ടതുണ്ട്. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 6 കോടി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡിക 19, 20)

സർക്കാരിന്റെ വിഭവലഭ്യതയുടെ പരിമിതി കാരണം നടപ്പുവർഷം (2011-12) രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിക്ക് ബഡ്ജറ്റ് വിഹിതത്തിനുപരിയായി തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

## ഭാഗം 2

### ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശകൾ

### ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

2075-00-800-54—സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതുസംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്ത തുക

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കുന്നതിനുള്ള തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകുന്നതിലേക്ക് 2011-12 വർഷത്തിൽ 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ലാന്റ് അക്വിസിഷനുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ നിബന്ധനകളുടെ അടിസ്ഥാനത്തിലും ഈ ഇനത്തിൽ വൻതുക ചെലവു വരുമെന്നതിനാൽ 205 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

കെ. എം. മാണി,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2012 ജൂലൈ 9.